# കേരള കാർഷിക സർവ്വകലാശാല

മെയിൻ കാമ്പസ്, വെള്ളാനിക്കര, തൃശ്ശൂർ - 680656

അക്കാഡ് സി1/46386/2014(ii) തീയതി : 27/10/2015

**<u>പത്രക്കുറിപ്പ്</u>**

ബി.എസ്.സി.(ഓണേഴ്സ്) അഗ്രിക്കൾച്ചർ കോഴ്സിന് കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പുതിയതായി അനുവദിച്ച 24 അധിക സീറ്റുകളിലേക്ക് പ്രവേശനം നടത്തുന്നു.

വി.എച്ച്.എസ്.സി. അഗ്രിക്കൾച്ചർ യോഗ്യത നേടിയവരുടെ വിഭാഗത്തിൽ 16 സീറ്റുകളിലേക്കും, അഗ്രിക്കൾച്ചർ ഡിപ്ലോമ യോഗ്യത നേടിയവരുടെ വിഭാഗത്തിൽ 6 സീറ്റുകളിലേക്കും അർദ്ധസൈനിക വിഭാഗങ്ങളിൽ നിന്നും റിട്ടയർ ചെയ്തിട്ടുള്ളവരുടെ മക്കൾക്കായി സംവരണം ചെയ്ത 2 സീറ്റുകളിലേക്കുമാണ് പ്രവേശനം നടത്തുക. 2015 ൽ കേരള എൻട്രൻസ് പരീക്ഷാ കമ്മീഷണർ നടത്തിയ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷയുടെ റാങ്ക് അടിസ്ഥാനത്തിൽ മാത്രമായിരിക്കും പ്രവേശനം. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മേൽപറഞ്ഞ വിഭാഗക്കാർ ജനനത്തീയതി, യോഗ്യതകൾ എന്നിവ തെളിയിക്കുന്ന രേഖകളോടൊപ്പം എൻട്രൻസ് പരീക്ഷയുടെ റാങ്ക്, കാറ്റഗറി എന്നിവ വ്യക്തമായി രേഖപ്പെടുത്തിയ സ്കോർ ഷീറ്റ് സഹിതം 03.11.2015(ചൊവ്വാഴ്ച) രാവിലെ 10.00 മണിക്ക് കേരള കാർഷിക സർവ്വകലാശാലയുടെ തൃശ്ശൂർ വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിൽ ഹാജരാകണം. യോഗ്യത തെളിയിക്കുന്ന രേഖകളുടെ അസ്സൽ കൈവശമില്ലാത്തവർ അവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കണം. ടി.സി., സി.സി. മുതലായവ പ്രവേശനം ഉറപ്പാക്കിയ ശേഷം മാത്രം ഹാജരാക്കിയാൽ മതിയാകും.

നിശ്ചിത സമയത്തിനകം നേരിട്ട് ഹാജരാകാത്ത അപേക്ഷാർത്ഥികളെ യാതൊരു കാരണവശാലും പ്രവേശനത്തിന് പരിഗണിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് കേരള കാർഷിക സർവ്വകലാശാലയുടെ www.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**രജിസ്ട്രാർ**